Malappuram District Police

# 30/05/2018 കല്പകഞ്ചേരി

സുഹൃത്തിന്റെ പാസ്പോർട്ട് തന്ത്രപൂർവം കൈക്കലാക്കി ആൾമാറാട്ടം നടത്തി നാട്ടിലേക്കുവന്ന് മുങ്ങിനടക്കുകയായിരുന്ന യുവാവിനെ കല്പകഞ്ചേരി എസ്.ഐ പി.എസ്. മഞ്ജിത്ലാലും സംഘവും അറസ്റ്റ്ചെയ്തു.

താനാളൂർ പകരയിലെ നന്താണിപ്പറമ്പിൽ മുഹമ്മദിന്റെ മകൻ താരിഫിന്റെ (32) പാസ്പോർട്ടുമായി കടന്നുകളഞ്ഞ വൈലത്തൂർ ചിലവിൽ കാഞ്ഞിരങ്ങൽ യൂനുസ് (39) ആണ് പിടിയിലായത്.

ഖത്തറിലെ ദോഹയിൽ റിയൽഎസ്റ്റേറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രതി ജോലിക്കായി താരിഫിനെ ഖത്തറിലേക്കു കൊണ്ടുപോയിരുന്നു. താരിഫ് അവിടെയെത്തിയശേഷം ബന്ധുവിന്റെ കല്യാണത്തിൽ പങ്കെടുക്കാനായി 2017 ഒക്ടോബർ ആറിന് യൂനുസ് നെടുമ്പാശ്ശേരി വഴി നാട്ടിലേക്കുപോരുകയും ചെയ്തു.

താരിഫ് മുറിയിൽ കഴിയുന്നതിനിടെ ഖത്തർ ഉദ്യോഗസ്ഥരുടെ പരിശോധനയിൽ പിടിക്കപ്പെട്ടു. ഉദ്യോഗസ്ഥർ പാസ്പോർട്ട് കോപ്പി വഴി താരിഫിന്റെ വിവരങ്ങളെടുത്തപ്പോഴാണ് ഈ പാസ്പോർട്ടുമായി യൂനുസ് നാട്ടിൽപോയ വിവരമറിയുന്നത്. ഉടൻ താരിഫ് ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് പാസ്പോർട്ട് തിരിച്ചെത്തിക്കാനും നാട്ടിലേക്കു തിരിച്ചുവരാനുമുള്ള ശ്രമങ്ങൾ നടത്തുകയുംചെയ്തു. ഇതിനിടെ താരിഫിന്റെ കുടുംബം കല്പകഞ്ചേരി പോലീസിൽ പരാതിപ്പെടുകയുംചെയ്തു.

പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് തിരച്ചിൽ നടത്തുന്നതിനിടെയാണ് പ്രതി പിടിയിലായത്.

ഹിമാചലിലെ മണാലിയിൽ ഒളിവിൽ കഴിയുകയായിരുന്ന പ്രതി ഇക്കഴിഞ്ഞ ദിവസം വൈലത്തൂരിലെ വീട്ടിലെത്തിയപ്പോൾ പോലീസ് അറസ്റ്റ്ചെയ്യുകയായിരുന്നു. താരിഫിന്റെ പാസ്പോർട്ടും പ്രതിയുടെ വീട്ടിൽനിന്ന് കണ്ടെടുത്തു.

പാസ്പോർട്ടിലെ ഫോട്ടോയിലെ അവ്യക്തത മുതലെടുത്ത പ്രതി പാസ്പോർട്ടിൽ തിരുത്തലുകളും വരുത്തിയിരുന്നു. മുൻപ് നടന്ന അടിപിടിക്കേസിലും പ്രതിയാണ് യൂനുസ്. പ്രതിയെ ചൊവ്വാഴ്ച തിരൂർ കോടതിയിൽ ഹാജരാക്കി.